ഉത്തരം

(എ) 2010 ഒക്ടോബർ–നവംബർ മാസങ്ങളിലുണ്ടായ കാലവർഷത്തിലും വെള്ളപ്പൊക്കത്തിലും മടവീണ് കുട്ടനാട് മേഖലയിലെ കൃഷിനാശം സംഭവിച്ച പാടശേഖരങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്നതിനുള്ള അനുമതി നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പാടശേഖരങ്ങളുടെ വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) താല്കാലിക അറ്റകുറ്റപ്പണി നടത്തി എല്ലാ പാടശേഖരങ്ങളിലും കൃഷി പുനരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പത്തനംതിട്ട, ആലപ്പുഴ ജില്ലകളിൽ എല്ലാ പാടശേഖരങ്ങളിലും കൃഷി ആരംഭിച്ചു. കോട്ടയം ജില്ലയിൽ ഈ മാസം അവസാനത്തോടെ മാത്രമേ കൃഷി ആരംഭിക്കുകയുള്ളു.

കരിങ്ങാലിച്ചാൽ പുഞ്ചയിൽ ഒരുപ്പുകൃഷി

255 (1227) ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ ജില്ലയിലെ ഓണാട്ടുകര പ്രദേശത്ത് ഉൾപ്പെടുന്ന 2800-ഓളം ഹെക്ടർ വരുന്ന കരിങ്ങാലിച്ചാൽ പുഞ്ച കഴിഞ്ഞ 15 വർഷമായി തരിശ് കിടക്കുന്നത് കൃഷിയോഗ്യമാക്കുന്നതിന് ഒരു മാസ്റ്റർപ്ലാൻ തയ്യാറാക്കുന്ന കാര്യം പരിഗണിക്കുമോ ;

(ബി) കരിങ്ങാലിച്ചാൽ പുഞ്ചയിൽ ഒരുപ്പുകൃഷി കൃത്യമായി നടത്തുന്നതിന് കർഷകർക്ക് എന്തെല്ലാം ആനുകൂല്യങ്ങൾ നൽകുമെന്ന് വ്യക്തമാക്കുമോ ;

(സി) ഈ പുഞ്ചപ്പാടത്തിന്റെ അടിസ്ഥാനസൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് എന്തൊക്കെ നടപടികൾ ഉണ്ടാകും എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്ന കാര്യം പരിഗണനയിലാണ്.

(ബി) വളം, നെൽവിത്ത് എന്നിവ സൗജന്യമായും, ട്രാക്ടർ, ടില്ലർ, പവർ സ്പ്രെയർ തുടങ്ങിയ കാർഷിക യന്ത്രങ്ങൾ സബ്സിഡി നിരക്കിലും നൽകുന്നതിനും, തരിശുനിലം കൃഷിയോഗ്യമാക്കുന്നതിന് സാമ്പത്തിക സഹായം നൽകുന്നതിനുമുള്ള പദ്ധതികൾ ഓണാട്ടുകര വികസന ഏജൻസി മുഖേന കരിങ്ങാലിച്ചാൽ പുഞ്ച ഉൾപ്പെടുന്ന ഓണാട്ടുകര പ്രദേശത്ത് നടപ്പാക്കി വരുന്നുണ്ട്. ഇതുകൂടാതെ കൃഷി വകുപ്പിന്റെ വിവിധ നെൽകൃഷി വികസന പദ്ധതികളുടെ ഫണ്ട്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതം എന്നിവ ഉപയോഗപ്പെടുത്തിയുള്ള വികസന പ്രവർത്തനങ്ങളും നടപ്പിലാക്കുന്നുണ്ട്.

(സി) ആർകെവിവൈ പദ്ധതി പ്രകാരം കരിങ്ങാലിച്ചാൽ വെള്ളാവലിച്ചാൽ പുഞ്ചയിലെ അടിസ്ഥാന സൗകര്യവികസനത്തിനായി അനുവദിച്ച 140 ലക്ഷം രൂപയ്ക്ക് പുറമേയായി ഉക്ഷ്യ സുരക്ഷാ പദ്ധതി, കുട്ടനാട് പാക്കേജ് തുടങ്ങിയ പദ്ധതികൾ പ്രകാരവും ടി പാടശേഖരത്ത് അടിസ്ഥാന സൗകര്യവികസനം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നത് പരിഗണനയിലുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly